LIBRARY ARCHIVES Kerala Legislative Assembly

പ്രധാനമന്ത്രിയുടെ ഗ്രാമ സഡക്‌യോജന

123 [305] *ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ:*
പ്രൊഫ. എ. ഡി. മുസ്തഫ :
ശ്രീ. വർക്കല കഹാർ:
,, *ജോർജ് ജെ. മാത്യു:*
,, *ജി. കാർത്തികേയൻ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രധാനമന്ത്രിയുടെ ഗ്രാമ സഡക്‌യോജന അനുസരിച്ച് ഇതുവരെ എത്ര കിലോമീറ്റർ റോഡിന്റെ പണി പൂർത്തിയാക്കിയിട്ടുണ്ട്;

(ബി) പണിപൂർത്തിയാക്കിയ റോഡുകൾ നാശപ്പെട്ടിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി എങ്കിൽ പ്രസ്തുത റോഡുകൾ നന്നാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ഈ വർഷം പ്രസ്തുത പദ്ധതിയിൽപ്പെടുത്തി എത്ര റോഡുകളുടെ പണിപൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു?

ഉത്തരം

(എ) 31-5-2005 വരെ 309.90 കി. മീറ്റർ റോഡ് പൂർത്തിയായിട്ടുണ്ട്.

(ബി) ചില റോഡുകൾക്ക് കേടുപാടുകൾ സംഭവിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഈ റോഡുകളുടെ കേടുപാട് തീർക്കുന്നതിനും അറ്റകുറ്റപ്പണികൾ നടത്തുന്നതിനും ബന്ധപ്പെട്ട കോൺട്രാക്ടർമാർക്ക് 5 വർഷ പെർഫോർമൻസ് ഗ്യാരന്റിയുടെ അടിസ്ഥാനത്തിൽ നിർദ്ദേശം നൽകിയിട്ടുണ്ട്. സുനാമിയിൽ സാരമായ കേടുപാട് സംഭവിച്ച വൈപ്പിൻ റോഡിന്റെ പണികൾ സുനാമി ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഡി) ഈ വർഷം 118 റോഡുകൾ പൂർത്തിയാക്കുവാൻ സാധിക്കുമെന്ന് കരുതുന്നു.

ഹരിയാലി പദ്ധതി

124 [306] *ശ്രീ. വി. ഡി. സതീശൻ:*
,, *ടി. യു. രാധാകൃഷ്ണൻ* :
,, *എം. മുരളി:*
,, *ജി. കാർത്തികേയൻ:*
,, *ജോർജ് ജെ. മാത്യു*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ: